# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

**ഫോൺ**: 0466 2212279 **ഇമെയിൽ**: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 23/2021** (വെള്ളിയാഴ്ച) **തീയ്യതി: 19.03.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 20.03.2021 | 21.03.2021 | 22.03.2021 | 23.03.2021 | 24.03.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0 | 0 | 0 | 5 | 4 |
| ഉയർന്ന താപനില (°C) | 37 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 79 | 79 | 79 | 79 | 79 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 22 | 22 | 22 | 22 | 22 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 12 | 6 | 6 | 2 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 200 | 200 | 160 | 90 |
| മേഘവ്യാപ്തി (ഒക്ട) | 4 | 2 | 4 | 7 | 5 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരുന്ന ആഴ്ചയിലെ അവസാന ദിവസങ്ങളിൽ വളരെ നേരിയ മഴയ്ക്ക് സാധ്യത. കൂടിയ താപനില 37°C വരെയും കുറഞ്ഞ താപനില 24°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: അന്തരീക്ഷ താപനില കൂടിവരുന്നതിനാൽ വിളകൾക്ക് സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങളിലൂടെ ജലസേചനം നൽകുക. പുതയിടൽ പോലുള്ള വരൾച്ചാ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.

### കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| വെള്ളരിവർഗ്ഗ വിളകൾ | ബാക്റ്റീരിയൽ വിൽറ്റ് രോഗം | വെള്ളരിവർഗ്ഗ വിളകളിൽ ബാക്റ്റീരിയൽ വിൽറ്റ് രോഗം കണ്ടുവരുന്നുണ്ട്. ഇതു തടയുന്നതിനായി രോഗം പരത്തുന്ന വണ്ടുകൾക്കെതിരെ തടത്തിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുക. കൂടാതെ, 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിയെടുത്തു തളിച്ചു കൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ സ്ട്രെപ്റ്റോസൈക്ലിൻ 3 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| മാവ് | കായീച്ചക | മാവിൽ ഉണ്ടാകാൻ സാധ്യതയുള്ള കായീച്ചകളെ നിയന്ത്രിക്കാൻ മാവിനുപയോഗിക്കുന്ന ഫിറമോൺ കെണികൾ ഉണ്ണിമാങ്ങാ പരുവത്തിൽ തന്നെ കൊമ്പിൽ തൂക്കിയിട്ടു കൊടുക്കുക |
| പയർ | നീരൂറ്റി കുടിക്കുന്ന പ്രാണികൾ | നീരൂറ്റി കുടിക്കുന്ന പ്രാണികളെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| കന്നുകാലികൾ | സംരക്ഷണം | കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകുന്നേരം 4 മണിക്ക് ശേഷമോമാത്രം മേയാൻ അനുവദിക്കുക. അതിൽ വൈകുന്നേരം മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്. |